വെള്ളപ്പൊക്കം കൊണ്ട് കർഷകർക്കുണ്ടായ നഷ്ടം

801. ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വെള്ളപ്പൊക്കം കൊണ്ട് കൃഷി നഷ്ടപ്പെട്ട കർഷകർക്ക് 1985-86-ൽ എത്ര രൂപയുടെ നഷ്ടം ഉണ്ടായി ?

ഉത്തരം

181.59 കോടി രൂപയുടെ നഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

നെൽകൃഷിക്കാർ എടുത്തിട്ടുള്ള വായ്പയുടെ പലിശ

802. ശ്രീമതി മാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് അവർ കാർഷികാവശ്യങ്ങൾക്കുവേണ്ടി എടുത്തിട്ടുള്ള വായ്പകളിൻമേലുള്ള പലിശ ഒഴിവാക്കുന്നതിനെ സംബന്ധിച്ച് ഏതെങ്കിലും നിർദ്ദേശം ഗവൺമെൻറിൻെറ സജീവ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) സഹകരണ സംഘങ്ങളിലൂടെ നൽകുന്ന എല്ലാ കാർഷിക വായ്പകൾക്കും ഇപ്പോൾ തന്നെ പലിശ ഇളവ് അനുവദിച്ചിട്ടുണ്ട്. യഥാ സമയം വായ്പ തിരിച്ചടയ്ക്കുന്നവർക്ക് 5% പലിശ ഇളവ് അനുവദിച്ചിട്ടുണ്ട്. ഇത് കാർഷികാവശ്യത്തിന് എടുത്തിട്ടുള്ള ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല വായ്പകൾക്ക് ലഭിക്കുന്നതാണ്. കൂടാതെ ഹരിജൻ ഗിരിജൻ സഹകരണ സംഘങ്ങളിൽ നിന്നും നൽകുന്ന വായ്പകൾക്ക് 100% വും പലിശ ഇളവ് അനുവദിച്ചിട്ടുണ്ട്.

കൃഷിക്കാരുടെ വരുമാനത്തിലുണ്ടായ കുറവ്

803. ശ്രീ. കെ. ടി. കണാരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :
,, പി. കുമാരൻ :
,, കെ. ടി. കുമാരൻ :
,, കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുമൂലം കഴിഞ്ഞ രണ്ടു വർഷക്കാലത്തിനുള്ളിൽ കൃഷിക്കാരുടെ വരുമാനത്തിൽ ഉണ്ടായ കുറവ് തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കുറവുണ്ടായ സംഖ്യ എത്രയാണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly